## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1582 — 16.03.2015 ൽ മറുപടിയ്ക്ക്

# റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) റബ്ബറിന്റെ വിലയിടിവ് മൂലം റബ്ബർ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിലത്തകർച്ച നിയന്ത്രിക്കാൻ സർക്കാർ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) നം. 56/2014/കൃഷി, തീയതി 25.02.2014) പ്രാകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർ മാർക്ക്, മർക്കറ്റ് ഫെഡ്, റബ്ബർ ബോർഡിനു കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ ലക്ഷ്യമിട്ട 10,000 ടൺ റബ്ബർ സംഭരിക്കുന്നതിന് സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതിപ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14 -ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബറിന്റെ വിപണിവില കിലോഗ്രാമിന് 171 രൂപയാകുന്നതുവരെ സംഭരണം തുടരുന്നതാണ്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/-രൂപ കൂടുതൽ നൽകി ആർ.എസ്.എസ്4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ.(എം.എസ്) |

| | | |
|---|---|---|
| | | നം. 232/2014/കൃഷി തീയതി 13.10.2014 പ്രകാരം ആർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എം.എസ്) നം.254/2014/കൃഷി, തീയതി 06.11.2014 പ്രകാരം കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന്, റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി ആർ.എസ്.എസ്4, ആർ.എസ്.എസ്5 ഗ്രേഡിലുള്ള റബ്ബർ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എം.എസ്) നം.176/2014/കൃഷി തീയതി 16.08.2014 പ്രകാരം 10 കോടി രൂപ വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിച്ചതിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>തുടർന്ന് റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ 11.03.2015 ലെ സ.ഉ (എം.എസ്) നം.41/2015/കൃഷി ഉത്തരവ് പ്രകാരം 2 കോടി രൂപ റബ്ബർ മാർക്കിനും മാർക്കറ്റ് ഫെഡിനും അനുവദിച്ചിട്ടുണ്ട്. |
| (ബി) | റബ്ബറിന് താങ്ങുവില നൽകി എത്ര ടൺ റബ്ബറാണ് സർക്കാർ സംഭരിച്ചത്; ഏതൊക്കെ ഏജൻസികൾ മുഖേന യാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത് ; | (ബി) റബ്ബർ മാർക്ക് 804.99 ടൺ റബ്ബറും മാർക്കറ്റ് ഫെഡ് 422.332 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബ്ബർ ബോർഡിനു കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തുന്നത്. |
| (സി) | ഓരോ ഏജൻസിയും സംഭരണ തീയതി മുതൽ ഇന്നുവരെ എത്ര | (സി) റബ്ബർ മാർക്ക് 91383018.3 രൂപയുടെ 714.7038 ടൺ ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബറും |

| | | | |
|---|---|---|---|
| | റബ്ബറാണ് സംഭരിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; എത്ര രൂപയാണ് ഒരു കിലോയ്ക്ക് താങ്ങുവിലയായി ഈ ഏജൻസികൾക്ക് നൽകിയിട്ടുള്ളത് ; | | 10690882.35 രൂപയുടെ 90.2961 ടൺ ആർ.എസ്.എസ്. 5 ഗ്രേഡ് റബ്ബറും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡ് ഇതുവരെ ആർ.എസ്.എസ് 4, ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള യഥാക്രമം 419.677 ടൺ ഉം 2.655 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്. |
| (ഡി) | റബ്ബർ സംഭരണം ഇടയ്ക്കുവച്ച് നിർത്തിയിരുന്നോ ; നിർത്താനുണ്ടായ സാഹചര്യം എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; ഇത് എന്നാണ് വീണ്ടും പുനരാരംഭിച്ചത്; പുനരാംരംഭിച്ചില്ലെങ്കൽ എന്തുകൊണ്ട്; | (ഡി) | 2014 മാർച്ച് മാസം 3ന് ആരംഭിച്ച സംഭരണം റബ്ബർ വാങ്ങുന്നതിനുള്ള ഫണ്ടിന്റെ അഭാവം മൂലം 31.03.2014 ൽ നിർത്തിവച്ചിരുന്നു. സർക്കാർ ഫണ്ട് ലഭ്യമാക്കിയതിനാൽ 2014 സെപ്തംബർ മാസം പുനരാരംഭിച്ചു. |
| (ഇ) | റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി അവരുടെ എല്ലാത്തരം ബാങ്ക് വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ